**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 507** **05-10-2021 - ൽ മറുപടിയ്ക്ക്**

**നികുതി പിരിവിലെ കുറവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മഞ്ഞളാംകുഴി അലി** | | **Shri K N Balagopal (ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ജി.എസ്.ടി. ഏർപ്പെടുത്തിയ ശേഷം ഓരോ വർഷവും സംസ്ഥാന സർക്കാർ പ്രതീക്ഷിച്ച നികുതിപിരിവിൽ എത്ര കുറവുണ്ടായിട്ടുണ്ട് ;വിശദാംശം ലഭ്യമാക്കുമോ; | (എ) | പുതുക്കിയ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ നിന്നും 2017-18-ൽ 1962.02 കോടി രൂപയും, 2018-19-ൽ 1455.39 കോടി രൂപയും 2019-20-ൽ 3373.22 കോടി രൂപയുടെയും കുറവ് വന്നിട്ടുണ്ട്. 2020-21-ൽ 412.58 കോടി രൂപ പുതുക്കിയ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ നിന്നും അധികം ലഭിച്ചിട്ടുണ്ട്. 2021-22 ആഗസ്റ്റ് 21 വരെ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ നിന്നും 8345.89 കോടി രൂപ പിരിച്ചിട്ടുണ്ട്. 2017-18 മുതൽ 2021-22 ഓഗസ്റ്റ് 30 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്തിന് ജി.എസ്.ടി. കളക്ഷൻ (എസ്.ജി.എസ്.ടി., ഐ.ജി.എസ്.ടി. സെറ്റിൽമെന്റ്), ഐ.ജി.എസ്.ടി. Adhoc ആയി ലഭിച്ച തുകയുടെ വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഉപഭോക്തൃ സംസ്ഥാനമായ നമ്മുടെ സംസ്ഥാനത്ത് ജി.എസ്.ടി. നേട്ടമാകുമെന്ന് വിലയിരുത്തിയിരുന്നിട്ടും നികുതി വരുമാനത്തിൽ കുറവുണ്ടാകുന്ന സാഹചര്യം സംജാതമായതെങ്ങനെയെന്ന് വ്യക്തമാക്കാമോ ;നികുതി വകുപ്പിനെ വേണ്ടരീതിയിൽ സജ്ജമാക്കാൻ കഴിയാത്തതാണ് ഇതിന് കാരണം എന്ന് കരുതുന്നുണ്ടോ; | (ബി) | ജി.എസ്.ടി ഡെസ്റ്റിനേഷൻ നികുതി സമ്പ്രദായം ആയതിനാൽ, ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് നേട്ടമുണ്ടാകുമെന്നാണ് പ്രതീക്ഷിച്ചിരുന്നത്. കൂടാതെ സേവനമേഖലയിലും നികുതി ചുമത്താമെന്നതിനാൽ ഈ മേഖലകളിൽ നിന്നും കേരളം ഗണ്യമായ നികുതി പിരിവ് പ്രതീക്ഷിച്ചിരുന്നു. എന്നാൽ പ്രതീക്ഷിച്ച വരുമാനം ലഭ്യമായില്ല. ജി.എസ്.ടി നികുതിനിരക്ക് നിശ്ചയിച്ചിരുന്നത് വിവിധ സംസ്ഥാനങ്ങളിൽ വാറ്റ് കാലയളവിൽ നിലവിലുണ്ടായിരുന്ന നികുതി നിരക്കിന്റെ അടിസ്ഥാനത്തിൽ തിട്ടപ്പെടുത്തിയ റവന്യൂ ന്യൂട്രൽ റേറ്റ് പ്രകാരമാണ്. കേരളത്തിന്റെ വാറ്റ് നികുതി പിരിവിന്റെ സിംഹഭാഗവും 14.5%മോ അതിനുമുകളിലോ നികുതി വിധേയമായ സാധനങ്ങളിൽ നിന്നുമാണ് ലഭ്യമായിരുന്നത്. ജി.എസ്.ടി-യുടെ തുടക്കത്തിൽ ഇതിൽ ഭൂരിഭാഗത്തിന്റെയും നികുതിനിരക്ക് 28% (എസ്.ജി.എസ്.ടി 14%) ആയാണ് നിശ്ചയിച്ചിരുന്നത്. എന്നാൽ, ജി.എസ്.ടി. |

| | | | |
|---|---|---|---|
| | | | കൗൺസിലിന് മുമ്പാകെ വന്ന ആവശ്യങ്ങൾ പരിഗണിച്ച് നികുതിനിരക്കിൽ ഗണ്യമായ കുറവ് പിന്നീട് വരുത്തുകയുണ്ടായി. 28% (എസ്.ജി.എസ്.ടി 14%) നികുതി നിരക്കുണ്ടായിരുന്ന ഭൂരിഭാഗം ചരക്കുകളുടെയും നികുതി നിരക്ക് 18% (9% എസ്.ജി.എസ്.ടി), 12% (6% എസ്.ജി.എസ്.ടി) എന്നിവയായി കുറവ് ചെയ്യുകയുണ്ടായി. ഇത് സംസ്ഥാനം പ്രതീക്ഷിച്ച നികുതിപിരിവ് സാധ്യമാകാത്തതിനുള്ള പ്രധാന കാരണങ്ങളിലൊന്നാണ്. കൂടാതെ, അന്യ സംസ്ഥാനങ്ങളിൽ നിന്നും വാങ്ങുന്ന സാധനങ്ങളിൽ നൽകിയ ഐ.ജി.എസ്.ടി നികുതി എസ്.ജി.എസ്.ടി അടയ്ക്കുന്നതിലേക്ക് തട്ടിക്കിഴിക്കുന്നതിലെ കൃത്യമായ വിവരങ്ങൾ ജി.എസ്.ടി റിട്ടേൺ പൂർണ്ണമാകാത്തതിനാൽ യഥാസമയം ലഭ്യമായിരുന്നില്ല. ഇതും നികുതിപിരിവിനെ ഒരു പരിധി വരെ ബാധിച്ചിട്ടുണ്ട്. സംസ്ഥാനം അഭിമുഖീകരിച്ച തുടർച്ചയായ പ്രകൃതി ദുരന്തങ്ങളും, തുടർന്നുവന്ന കോവിഡ് മഹാമാരിയും അതിനെ തുടർന്ന് ഉണ്ടായ ലോക്ക്ഡൗൺ സാഹചര്യവും സംസ്ഥാനത്തിന്റെ നികുതി വരുമാനത്തെ പ്രതികൂലമായി ബാധിച്ചു. നികുതി പിരിവ് കൂടുതൽ കാര്യക്ഷമമാക്കുന്നതിനു വേണ്ടി വകുപ്പിനെ ആധുനികവത്കരിക്കുന്നതിനും പുനഃസംഘടിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | ദേശീയതലത്തിൽ ജി.എസ്.ടി. വരുമാനം വർദ്ധിക്കുമ്പോഴും സംസ്ഥാനത്ത് ജി.എസ്.ടി.യിൽ പ്രതീക്ഷിച്ച നേട്ടം കൈവരിക്കാൻ കഴിയാത്തത് നികുതിപിരിവിലെ കാര്യക്ഷമത കുറവ് മൂലമാണെന്ന് കരുതുന്നുണ്ടോ; വാറ്റ് കുടിശ്ശിക ഉൾപ്പെടെ പിരിച്ചെടുക്കാൻ കഴിയാത്തത് ഇതിനു കാരണമായതായി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | ദേശീയതലത്തിലുള്ള ജി.എസ്.ടി വരുമാന വർദ്ധനയ്ക്ക് ആനുപാതികമായി കേരളത്തിലും ജി.എസ്.ടി വരുമാന വർദ്ധനവ് ഉണ്ടാകുന്നുണ്ട്. ജി.എസ്.ടി-ക്ക് മുൻപ് ഉള്ള നിയമങ്ങളിന്മേലുള്ള നികുതി കുടിശ്ശികകൾ എത്രയും പെട്ടെന്ന് തീർപ്പാക്കി കൂടുതൽ ശ്രദ്ധ ജി.എസ്.ടി-യിലേക്ക് നൽകുന്നതിന്റെ ഭാഗമായാണ് കഴിഞ്ഞ വർഷം ആംനസ്റ്റി പദ്ധതികൾ പ്രഖ്യാപിച്ചിട്ടുള്ളത്. ഇതനുസരിച്ച് വാറ്റ് നിയമത്തിന്മേലുള്ള നികുതി കുടിശ്ശികകളിൽ പിഴയും പലിശയും പൂർണമായും ഒഴിവാക്കി കൊടുക്കുകയും നികുതി തുകയിൽ ഇളവ് അനുവദിക്കുകയും ചെയ്തു. കഴിഞ്ഞ വർഷത്തെ (2020-21) ആംനസ്റ്റി പദ്ധതി പ്രകാരം ഒരു വ്യാപാരിയുടെ എല്ലാ വർഷങ്ങളിലെ നികുതി കുടിശ്ശികയും ഒരുമിച്ചു മാത്രമേ ആംനസ്റ്റി ഓപ്റ്റ് ചെയ്യാൻ സാധിക്കുമായിരുന്നുള്ളൂ. ഇത് പല വ്യാപാരികളും ആംനസ്റ്റി പദ്ധതി സ്വീകരിക്കാതിരിക്കുന്നതിന് കാരണമായി. ഇതിൽ നിന്നും വ്യത്യസ്തമായി ഈ വർഷത്തെ (2021-22) ആംനസ്റ്റി പദ്ധതിയിൽ വ്യാപാരികൾക്ക് ഓരോ |

| | | | |
|---|---|---|---|
| | | | വർഷത്തെയും നികുതി കുടിശ്ശികയിന്മേൽ ആംനസ്റ്റി ഓപ്റ്റ് ചെയ്യുവാനുള്ള അവസരം നൽകിയിട്ടുണ്ട്. ഇത് കൂടുതൽ വ്യാപാരികൾ ആംനസ്റ്റി പദ്ധതി സ്വീകരിക്കാൻ ഇടയാക്കും എന്നാണ് കരുതുന്നത്. കഴിഞ്ഞ വർഷത്തെ ആംനസ്റ്റി പദ്ധതി പ്രകാരം ഏകദേശം 271 കോടി രൂപയും ഈ വർഷത്തെ ആംനസ്റ്റി പദ്ധതി പ്രകാരം 16.09.2021 വരെ 52.32 കോടി രൂപയും ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

ജി.എസ്.ടി. കളക്ഷൻ (എസ്.ജി.എസ്.ടി., ഐ.ജി.എസ്.ടി. സെറ്റിൽമെന്റ്), ഐ.ജി.എസ്.ടി. Adhoc ആയി 2021 ഓഗസ്റ്റ് 30 വരെ ലഭിച്ച തുകയുടെ വിവരം

| സാമ്പത്തിക വർഷം | Budget estimate (Cr) | Revised Budget estimate (Cr) | ജി.എസ്.ടി. കളക്ഷൻ (Cr) | Ad hoc ആയി ലഭിച്ച തുക (Cr) | Total (Cr) |
|---|---|---|---|---|---|
| 2017-18 | – | 16200.70 | 13502.68 | 736.00 | 14238.68 |
| 2018-19 | 27001 | 22821.60 | 18631.85 | 2734.36 | 21366.21 |
| 2019-20 | 29010.62 | 23689.62 | 19622.88 | 693.52 | 20316.40 |
| 2020-21 | 32388.11 | 18999.57 | 17816.04 | 1596.11 | 19412.15 |
| 2021-22* | 36922.45 | – | 7842.27 | 503.62 | 8345.89 |

*2021 Aug 30 വരെ

സെക്ഷൻ ഓഫീസർ